'ഭരണഭാഷ – മാതൃഭാഷ'

നം:ഇ1/21739/16/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം., തീയതി : 16.08.2018

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം – എയ്ഡഡ് കോളേജുകൾ - അനദ്ധ്യാപക വിഭാഗം – അനദ്ധ്യാപക ജീവനക്കാർക്ക് യഥാക്രമം പ്രൊമോഷൻ അനുവദിക്കുന്നതും പ്രൊമോഷൻ പ്രൊപ്പോസൽ അയയ്ക്കുന്നതും - സംബന്ധിച്ച്.

സൂചന :- 04.08 2018-ലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ സർക്കുലർ

* * *

എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപക ജീവനക്കാർക്ക് മാനേജ്മെന്റ് യഥാസമയം പ്രൊമോഷൻ അനുവദിക്കാതിരുന്നതും പ്രൊമോഷൻ അനുവദിച്ചാൽ തന്നെ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിയ്ക്കാൻ അകാരണമായ കാലതാമസം സൃഷ്ടിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടതിനാൽ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധാപൂർവ്വം പാലിക്കുന്നതിന് എയ്ഡഡ് കോളേജ് മാനേജർമാർക്ക് / പ്രിൻസിപ്പാൾമാർക്ക് കർശനനിർദ്ദേശം നൽകുന്നു

(1) എയ്ഡഡ് കോളേജ് അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ തസ്തികയിൽ ഒഴിവു വരുന്ന മുറയ്ക്ക് സൂപ്പർന്യൂമററി തസ്തികകൾ ഒഴിവാക്കി യഥാസമയം പ്രൊമോഷൻ അനുവദിക്കേണ്ടതാകുന്നു.

(2) പ്രൊമോഷൻ ഉത്തരവ് ലഭിച്ച് ജീവനക്കാരൻ പ്രൊമോഷൻ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ അറ്റൻഡൻസ് രജിസ്റ്ററിൽ പ്രൊമോഷൻ തസ്തിക രേഖപ്പെടുത്തി ഒപ്പിടാൻ അനുവദിക്കേണ്ടതാകുന്നു.

(3) അനദ്ധ്യാപക ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിച്ച് രണ്ടാഴ്ചയ്ക്കകം പ്രൊമോഷൻ അംഗീകാരത്തിനായി അനുബന്ധ രേഖകളടക്കം ഈ കാര്യാലയത്തിലേയ്ക്ക് അയച്ചു തരേണ്ടതാകുന്നു. അകാരണമായി കാലതാമസം ഉണ്ടാകുന്ന പ്രൊപ്പോസലുകൾ സമർപ്പിക്കുമ്പോൾ കാലതാമസം സാധൂകരിക്കുന്നതിന് വ്യക്തമായ വിശദീകരണം ഉൾപ്പെടുത്തേണ്ടതാകുന്നു.

(4) പ്രൊമോഷൻ പ്രൊപ്പോസലുകൾ തപാൽ മാർഗ്ഗം മാത്രം അയയ്ക്കേണ്ടതാകുന്നു യഥാസമയം പ്രൊപ്പോസലുകൾ സമർപ്പിക്കാതെ വീഴ്ചയുണ്ടാകുന്നത് മുഖേന ജീവനക്കാർക്ക് എന്തെങ്കിലും നഷ്ടമുണ്ടായാൽ അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും അതാത് മാനേജ്മെന്റുകൾക്കായിരിക്കും എന്നും ഓർമ്മപ്പെടുത്തുന്നു.

ഒപ്പ്/-
ഡോ.ഡി.കെ സതീഷ്
കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-
1. ഡെപ്യൂട്ടി ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് (താങ്കളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ എയ്ഡഡ് കോളേജ് മാനേജർമാരെയും പ്രിൻസിപ്പാൾമാരെയും അറിയിക്കുന്നതിന്)
2. സിസ്റ്റം അഡ്മിനിസ്ട്രേറ്റർ (കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ-മെയിൽ അയക്കുന്നതിനും)
3. എഫ് സെക്ഷൻ
4. കരുതൽ ഫയൽ / നടപ്പ് ഫയൽ

//അംഗീകാരത്തോടെ//

GOVERNMENT OF KERALA 2017-18